(സി) കാപ്ഡെക്കിന് കൈമാറി കിട്ടിയ വിദേശ സഹായത്തിൽ നിന്ന് ശമ്പളം, ടി.എ., ഡി.എ., പെർക്കുകൾ, താമസ സൗകര്യം, ഭക്ഷ്യപദാർത്ഥങ്ങൾ, വാടക, പത്രം, വൈദ്യുതി, വെള്ളം, ഇതര കാര്യങ്ങൾ എന്നീ ഓരോ ഇനങ്ങളിലും ചെലവായ തുക എത്രയെന്ന് വിവരിക്കാമോ ;

(ഡി) കാപ്ഡെക്കിന് കൈമാറിക്കൊടുത്ത വിദേശ സഹായത്തിന്റെ വിനിയോഗം സംബന്ധിച്ച് കണക്കുകൾ അക്കൗണ്ടന്റ് ജനറലിനെ കൊണ്ട് ആഡിറ്റ് നടത്തുവാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) സ്വിസ് ഏജൻസി ഫോർ ഡെവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷനും കിലയും ചേർന്നുണ്ടാക്കിയ പ്രോജക്ടിന്റെ പേരാണ് കാപ്ഡെക്. കില നേരിട്ടാണ് ധനസഹായം സ്വീകരിച്ചിട്ടുള്ളത്. കാപ്ഡെക് എന്ന സ്ഥാപനം ഇല്ല.

(ബി) ഇല്ല.

(സി) കാപ്ഡെക് എന്ന സ്ഥാപനം ഇല്ലാത്തതിനാൽ വിദേശ സഹായത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. എന്നാൽ ഈ പ്രോജക്ടിന് വേണ്ടി കിലയ്ക്ക് ലഭിച്ച തുകയുടെ വരവു ചെലവു കണക്കുകൾ (ആഡിറ്റഡ്) ഇതോടൊപ്പം വയ്ക്കുന്നു.*

(ഡി) കിലയിലെ കണക്കുകൾ പരിശോധിച്ച അവസരത്തിൽ കാപ്ഡെക്കിന്റെ കണക്കുകളും അക്കൗണ്ടന്റ് ജനറൽ പരിശോധിച്ചിട്ടുണ്ട്.

കാപ്ഡെകിന് 'കില' വഴി ലഭിച്ച ധനസഹായം

30 (4465) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്ഡെക്കിന് കില വഴി സ്വിസ് സഹായമായ 10.54 കോടി രൂപ ലഭിച്ചത് മുതൽ കാപ്ഡെക്കിൽ നിന്ന് ശമ്പളം, ടി.എ., ഡി.എ. മറ്റ് ആനുകൂല്യങ്ങൾ എന്നിവ ആരെല്ലാം പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോരുത്തരും എന്തു തുക വീതം പറ്റിയിട്ടുണ്ടെന്നും ധനവിനിയോഗം നടത്തുന്നതിൽ കാപ്ഡെക്കിന്റെ ഭരണ സമിതിക്കുള്ള ഉത്തരവാദിത്വം എന്തായിരുന്നുവെന്നും കാപ്ഡെക്കിന്റെ ഭരണ സമിതിയംഗങ്ങൾ ആരെല്ലാമായിരുന്നുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കിലയും എസ്.ഡി.സി.യും തമ്മിലുള്ള കരാർ അനുസരിച്ച് കിലയ്ക്കാണ് ധനസഹായം ലഭിച്ചത്. ഈ പ്രോജക്ടിന്റെ പേരാണ് CAPDECK

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രോജക്ടിന്റെ ചെലവുകൾ നടത്തിയിരുന്നത് ജെ.പി.സി.യുടെയും പി.ഇ.സി.യുടെയും തീരുമാനപ്രകാരം മാത്രമാണ്. കാപ്ഡെക്ക് ഭരണ സമിതിയുടെ വിവരങ്ങൾ ജി.ഒ(എംഎസ്.) 58/99/പ്ലാനിംഗ് dated 24-12-1999 എന്ന സർക്കാർ ഉത്തരവിൽ ഉള്ളതു പ്രകാരമാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അടക്കം ചെയ്യുന്നു.*

"കാപ്ഡെക്-ന്റെ ആനുവൽ പ്രോഗ്രസ് റിപ്പോർട്ടുകൾ"

31 (4466) ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 24-12-1999-ലെ ജി.ഒ.(എംഎസ്.) 58/99/പ്ലാനിംഗ് എന്ന ഉത്തരവ് പ്രകാരം കാപ്ഡെക്-ന് വേണ്ടി രൂപീകരിച്ച ജോയിന്റ് പ്രോജക്ട് കമ്മിറ്റി ഇയർലി പ്ലാൻ ഓഫ് ഓപ്പറേഷൻ (വൈ.പി.ഒ.) എന്നറിയപ്പെടുന്ന എത്ര ആനുവൽ ആക്ഷൻ പ്ലാനുകൾ അപ്രൂവ് ചെയ്തുവെന്ന് വ്യക്തമാക്കാമോ ;

(ബി) അവയുടെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ;

(സി) അത് ആനുവൽ പ്രോഗ്രസ് റിപ്പോർട്ട് പ്രകാരമുള്ള എത്ര പ്രോജക്ടുകളുടെ പ്രവർത്തനങ്ങൾ പുനഃപരിശോധിക്കുകയും വിലയിരുത്തുകയും ചെയ്തു ;

(ഡി) അത് വിലയിരുത്തിയ ആനുവൽ പ്രോഗ്രസ് റിപ്പോർട്ടുകളുടെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ;

(ഇ) ഈ ആനുവൽ പ്രോഗ്രസ് റിപ്പോർട്ടുകൾ വിലയിരുത്തികൊണ്ട് എടുത്ത തീരുമാനങ്ങളുടെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) നാല് ഇയർലി പ്ലാൻ ഓഫ് ഓപ്പറേഷൻ (YPO) (ബഡ്ജറ്റ്കൾക്ക്) അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) മേശപ്പുറത്ത് വയ്ക്കുന്നു.*

(സി) ആനുവൽ പ്രോഗ്രസ് റിപ്പോർട്ട് ജോയിന്റ് പ്രോജക്ട് കമ്മിറ്റിയിൽ പരിശോധിച്ചു വിലയിരുത്തി അംഗീകരിച്ചിട്ടുണ്ട്.

(ഡി) മേശപ്പുറത്ത് വയ്ക്കുന്നു.*

(ഇ) മേശപ്പുറത്ത് വയ്ക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly